മി. സ്പീക്കർ : ഹൈക്കോടതിയുടെ ഡയറക്ഷന് എതിരായിട്ടാണ് അവർ സമരം ചെയ്യുന്നത്. ഹൈക്കോടതി പറഞ്ഞിട്ടുണ്ടല്ലോ, ഇന്ന് 14-ാം തീയതി സമരം ചെയ്യാൻ പാടില്ലായെന്ന് !

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. സമരം ചെയ്താൽ ഒരു ടാക്സ് ഇളവും അവർക്ക് കൊടുക്കരുതെന്ന്, ഞാൻ അത് വായിക്കണമോ ?

മി. സ്പീക്കർ : ഓർഡർ, ഓർഡർ,

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അദ്ദേഹം പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്.

Mr. Speaker : Now it is before the Highcourt. Now the issue is before the HighCourt. Yes.....Yes..... Presentation of Report.....Presentation of Report. ലോറിക്കാർക്കുവേണ്ടിയാണ് നിങ്ങൾ പറയുന്നതെന്ന് ആളുകൾ തെറ്റിദ്ധരിക്കും. യേസ് പ്രസന്റേഷൻ ഓഫ് റിപ്പോർട്ട്, യേസ്, യേസ്. യേസ്, എനിക്ക് മനസ്സിലാകുന്നില്ല. ടാക്സ് വർദ്ധനവിൽ എന്തിനാണ് തൊഴിലാളികൾ സമരം ചേയ്യുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞങ്ങൾ നോട്ടീസ് നൽകിയതാണ്. വളരെ പ്രധാനപ്പെട്ട വിഷയമല്ലേ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കോടതി പറഞ്ഞാൽ ഗവൺമെന്റിന് കേൾക്കാതിരിക്കാൻ പറ്റുമോ ? കോടതി പറഞ്ഞാൽ എക്സിക്യൂട്ടീവിന് കേൾക്കാതിരിക്കാൻ പറ്റുമോ ? കോടതി 25 ശതമാനം പിരിച്ചാൽ മതിയെന്നു പറഞ്ഞു. ഗവൺമെന്റ് അതനുസരിച്ച് തീരുമാനമെടുത്തു, ആർ.ടി.ഒ. മാരോട് 25 ശതമാനം പിരിച്ചാൽ മതിയെന്ന് പറഞ്ഞു, ചർച്ച ആരുമായും എപ്പോഴും എവിടെവച്ചും ആകാം. അതിന് ഒരു കുഴപ്പവുമില്ല.

ശ്രീ. കെ. പി.രാജേന്ദ്രൻ : ഒരു ഡേറ്റ് പറയണം സർ,

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അവർ ബന്ധപ്പെടണം, അവർ ബന്ധപ്പെടട്ടെ,

V റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 14-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly